# 496

# CS (MAIN) EXAM, 2010

A-DTN-K-JM-11

# MALAYALAM

## (Compulsory)

*Time Allowed : Three Hours* | *Maximum Marks : 300*

### *INSTRUCTIONS*

***Candidates should attempt ALL questions.***

***The number of marks carried by each question is indicated at the end of the question.***

***Answers must be written in Malayalam, unless otherwise directed.***

***In the case of Question No. 3, marks will be deducted if the précis is much longer or shorter than the prescribed length.***

1. താഴെ കൊടുത്തിരിക്കുന്നവയിൽ ഒരു വിഷയം തെരഞ്ഞെടുത്തു മൂന്നൂറോളം വാക്കിൽ ഉപന്യസിക്കുക : *100*

(a) 'കുലാഭിമാനക്കൊല' (honour killing) അവസാനിപ്പിക്കാൻ നിയമത്തിനു കഴിയുമോ ?

(b) ഭക്ഷണത്തിലെ മായക്കലർപ്പ് തന്ന വിപത്ത്.

(c) അന്ധവിശ്വാസം × യുക്തിവിചാരം

(d) വിദ്യാഭ്യാസവും.
സാമൂഹികപരിവർത്തനവും.

(e) വിവരാവകാശനിയമം കൊണ്ടു ഭരണത്തിൽ വെടിപ്പും നീതിയും ഉറപ്പാക്കാനാവുമോ ?

2. താഴെ കൊടുത്തിരിക്കുന്ന ഭാഗം ശ്രദ്ധിച്ചു വായിച്ചു തുടർന്നുള്ള ചോദ്യങ്ങൾക്ക് വ്യക്തവും കൃത്യവും സൂക്ഷ്മവുമായ ഭാഷയിൽ ഉത്തരം നൽകുക. *10×6=60*

പുനരുല്പാദിപ്പിക്കാവുന്ന ഊർജത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്ന സൗരോർജം ഫോസിൽ ഇന്ധനങ്ങളിലുള്ള നമ്മുടെ ആശ്രയം കുറച്ചുകൊണ്ടുവരാനുള്ള ഒരേയൊരു വഴിയാണ്. ഫോസിൽ ഇന്ധനം കാലം ചെല്ലുംതോറും ചെലവേറിയതും വിരളവുമായിത്തീരുന്നു. സൗരോർജം ഉപയോഗിച്ചാൽ നമ്മുടെ ഭൂഗോളത്തിന്റെപാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിറുത്തി ഹരിതാന ഭവത്തിനുണ്ടാകുന്ന കോട്ടം കുറയ്ക്കാം. ഇങ്ങനെയെല്ലാമാണെങ്കിലും ഫോസിൽ ഇന്ധനത്തിനു പകരമായി സൗരോർജം കുറെ ഉപയോഗിക്കപ്പെടുന്നില്ല. ഇതിനുകാരണം സൗരോർജ സാങ്കേതിക വിദ്യയുടെ

വൻചെലവാണ്. എന്നാൽ ഓരോ വർഷവും സാങ്കേതിക വിദ്യയിലുണ്ടാകുന്ന വളർച്ചയിലൂടെ ചെലവു കുറഞ്ഞു വരുന്നതിനാൽ, അല്പം സാവധാനത്തിലാണെങ്കിലും സൗരോർജം സ്വീകാര്യമായി ത്തീരുകതന്നെ ചെയ്യും. ഈ മാർഗ്ഗത്തിൽ ദീർഘദൃഷ്ടിയുള്ള നടപടിയാണ് സർക്കാർ തുടങ്ങിവച്ചിരിക്കുന്ന ജവഹർലാൽ നെഹ്രു സൗരോർജ മിഷൻ. സുസ്ഥിരതയും വെടിപ്പുഉള്ള ഊർജസ്രോതസ്സുകളാണ് അതു ലക്ഷ്യമിടുന്നത്.

സൗരോർജമേഖല ധാരാളം തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഈ മേഖലയിൽ ഗവേഷണത്തിനും സാങ്കേതിക വിദ്യയുടെ പുതുമയ്ക്കും ഉദ്യോഗങ്ങൾക്കും വേണ്ടി വമ്പിച്ച മുതൽ മുടക്കുണ്ടാക്കും ഇങ്ങനെയുണ്ടാക്കുന്നതു വൈദഗ്ദ്ധ്യവും മികവും പുലർത്തുന്ന ഉയർന്ന ഉദ്യോഗങ്ങളായിരിക്കും.

ഊർജത്തിന്റെ കാര്യത്തിൽ ലോകത്തിൽ ആറാംസ്ഥാനമുണ്ട് ഇന്ത്യയ്ക്ക്. എന്നിട്ടും ഇവിടെ ഊർജ പ്രതിസന്ധിയാണ്. സൗരോർജം കോണ്ടു് ഇതിനെ നേരിട്ടാൽ അങ്ങനെയുണ്ടാകുന്ന വ്യവസ്ഥയ്ക്കുള്ളിൽ

സൗരോർജ സംബന്ധമായ നിർമ്മാണ മേഖലയ്ക്കു കുതിച്ചു കയറ്റമുണ്ടാകും. സൗരോർജ മേഖലയിൽ ഇപ്പോൾ ഏറെ ആവശ്യക്കാരുള്ളതു ഉപകരണങ്ങൾകും എഞ്ചിനീയറിംഗ് സിസ്റ്റത്തിന്റെ രൂപകല്പനയ്ക്കുമാണു്. ഈ വ്യവസായം ഇനിയും വളരണമെങ്കിൽ സൗരോർജത്തിന്റെ വില കുറയണം. അതിനു കാര്യക്ഷമത വർധിക്കണം. ഉല്പാദനച്ചെലവു കുറയണം. അങ്ങനെ സിസ്റ്റത്തിന്റെ നടത്തിപ്പ് ചെലവു കുറഞ്ഞതാകണം.

(a) ഫോസിൽ ഇന്ധനത്തിലുള്ള ആശ്രയം കുറയ്ക്കുന്നതു് എന്തിനു് ?

(b) സൗരോർജം ഉപയോഗിക്കുന്നതിന്റെ മെച്ചം എന്തു് ?

(c) സൗരോർജത്തിന്റെ ഉപയോഗം വ്യാപകമാകാത്തതു് എന്തുകോണ്ട് ?

(d) സൗരോർജം സാധാരണക്കാരിൽ എത്തിക്കാൻ എന്തുനടപടിയാണുള്ളതു് ?

(e) സൗരോർജമേഖല എങ്ങനെയാണു് ചെറുപ്പക്കാർക്കു വേണ്ട മികവുറ്റ വിദഗ്ദ്ധ ഉദ്യോഗങ്ങൾ ഉണ്ടാക്കുന്നതു് ?

(f) എങ്ങനെ സൗരോർജത്തിന്റെ ഉല്പാദനച്ചെലവു കുറയ്ക്കാം ?

3. താഴെ ചേർത്തിരിക്കുന്ന ഭാഗം മൂന്നിൽ ഒന്നായി സംഗ്രഹിക്കുക തലക്കെട്ടു കൊടുക്കണമെന്നില്ല. വാക്കുകളുടെ എണ്ണം നിർദ്ദിഷ്ട പരിധിയിലല്ലെങ്കിൽ മാർക്കു കുറയ്ക്കും പ്രത്യേകം തന്നിട്ടുള്ള പേപ്പറിൽ സംഗ്രഹം എഴുതി ഉത്തരക്കടലാസിനുള്ളിൽ തുന്നിച്ചേർക്കണം. *60*

കല കാലഘട്ടത്തിന്റെ പ്രകാശനമാകണമെങ്കിൽ അതു കഴിഞ്ഞകാലത്തിന്റെ അതിർത്തികൾ മറികടന്ന് പഴഞ്ചൻ ഭാവനയുടെയും മനസ്സിന്റെയും പരിമിതികൾ കുടഞ്ഞുകളയണം. ജീവിതം നിലയ്ക്കാത്ത ഒഴുക്കാണ്. വിപ്ലവത്തിലൂടെ കടന്നു പോകുമ്പോൾ അതിനു വേഗമേറും. മാറ്റങ്ങൾ ആഴത്തിലും തിടുക്കത്തിലുമാകും. അങ്ങനെയുള്ള കാലത്തു സാമൂഹിക സമ്മർദ്ദംകൊണ്ടു് സംസ്കാരത്തിൽ പുതുപ്രവണതകളുണ്ടാകും. പഴയവേരുകൾ അറ്റുപോകുമ്പോൾ പഴമയും പുതുമയും തമ്മിലുള്ള ഏറ്റുമുട്ടലിൽ പിറവിയുണ്ടാകും. പഴയസംസ്കാരത്തിന്റെ സംരക്ഷകർ നിലവിലുള്ള വ്യവസ്ഥ നിലനിറുത്താനുള്ള തന്ത്രപ്പാടിൽ ധാർമ്മികതയുടെയും സംസ്കാരത്തിന്റെയും സംരക്ഷകരായി സ്വയം പ്രഖ്യാപിച്ചു പുതുതരംഗങ്ങളെ തടയും. മാറ്റത്തിന്റെ വക്താക്കളോ പഴമയുടെ

ചിട്ടവട്ടങ്ങൾ ലംഘിക്കാൻ നിർബന്ധിതരാകും. ഓരോകാലഘട്ടത്തിനും അതതിന്റെ ആവശ്യമനുസരിച്ചുള്ള സംസ്കാരരൂപങ്ങൾ കൂടിയെതീരൂ. കഴിഞ്ഞകാലത്തിന്റെ സൃഷ്ടികളായ പഴയ രുപങ്ങൾക്കു പുത്തൻ ശക്തികളെയോ സങ്കേതങ്ങളെയോ ഉൾക്കൊള്ളാനാവില്ല. പുതിയ ആശയാദർശങ്ങളെ പ്രതിഫലിപ്പിക്കാനാവില്ല. ഈ പോരാട്ടത്തിൽ പഴയ സംസ്കാരത്തിന്റെ സംരക്ഷകർ തങ്ങൾതന്നെ കഴിഞ്ഞകാലത്തു തള്ളിക്കളഞ്ഞിരുന്ന സംസ്കാരശൂന്യതയുടെയും കാടത്തത്തിന്റെയും മാർഗ്ഗങ്ങൾ സ്വീകരിച്ചേക്കാം. മാറ്റങ്ങളില്ലാത്തതെങ്കിൽ ഏതു ശക്തിയും മർദനത്തിനു മുതിരും. പുതുസമുദായത്തിനു മാത്രമെ സംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റെയും നാനാമണ്ഡലങ്ങളിൽ കലാകാരനു പൂർണ്ണ വളർച്ച നൽകാൻ കഴിയും.

ഇന്ന് ജീവിതത്തിൽ അനുരഞ്ജനം ഇല്ല. ചേർച്ച ക്കേടിന്റെ സമൂഹത്തിൽ ഓരോരോ പ്രവൃത്തികൾ ഒറ്റപ്പെട്ടുപോകുന്നു. തത്ത്വ ചിന്തകൻ ശാസ്ത്രജ്ഞനിൽ നിന്നും കലാകാരൻ എഞ്ചിനീയറിൽ നിന്നും എല്ലാവരും അവിഭക്ത ജീവിതത്തിന്റെ തുടിക്കുന്ന മഹാശൃംഖലയിൽനിന്നും

ഒറ്റപ്പെട്ടുപോകുന്നു. മൊത്തത്തിലുള്ളതിന്റെ രൂപത്തിനും ഭംഗിക്കും ഓരോ ഘടകവും നൽകുന്ന നിർണ്ണായക സംഭാവന ഗൗനിക്കപ്പെടുന്നില്ല. ഉദാഹരണത്തിനു വെറും യന്ത്രത്തെപോലും അതിന്റെ വസ്തു രൂപത്തിൽ കണ്ടാൽ പോരാ. ദുഷിച്ച വായുവും പുകയും വമിക്കുന്ന വികാരശൂന്യമായ നിശ്ചല യന്ത്രമായല്ല താഴെ പ്രകൃതി ഭംഗിയുടെയും മുകളിൽ ആകാശമണ്ഡലത്തിന്റെയു ഇടയിൽ ചരിത്രാഖ്യാനങ്ങളെ ഓർമ്മിപ്പിക്കുന്ന വീരകഥയുടെ ഭാഗമായി അതിനെ കണക്കാക്കണം മനുഷ്യാവയവങ്ങളുടെ തുടർച്ചയിൽ വേണം യന്ത്രങ്ങളെ കാണാൻ. പ്രകൃതിയുടെയും പ്രപഞ്ചപദാർത്ഥങ്ങളുടെയും മേൽ മനുഷ്യൻ യന്ത്രങ്ങൾകൊണ്ടു ശക്തി പ്രയോഗികുന്നു. മനുഷ്യ ചരിത്രത്തോളം പഴക്കമുണ്ട്ു ഈ ബല പരീക്ഷയ്ക്കു്. ഈ പോരാട്ടത്തിനു സൗന്ദര്യവും താളവും സംഗീതവും വർണ്ണപ്പൊലിമയുമുണ്ട്.

മനുഷ്യൻ സ്വന്തം ദൗർബല്യം നിമിത്തം തന്നെ ഭരിക്കാൻ യന്ത്രത്തെ അനുവദിച്ചിട്ടുണ്ടെങ്കിൽ അതു യന്ത്രത്തിന്റെ കുറ്റമല്ല. യന്ത്രം മനുഷ്യന്റെ സൃഷ്ടിയാണ്. യന്ത്രം ഉണ്ടാക്കാനും നശിപ്പിക്കാനം മനുഷ്യനു കഴിയും. മനുഷ്യന്റെ അഭിനിവേശമാണു

നിർണ്ണായകം. റേഡിയോ ശ്വാസകോശത്തിന്റെ വിപുലീകരണമാണ്. ടെലിഫോൺ കാതുകളുടെയും. വിമാനത്തെ ആക്ഷേപിച്ചു പൊട്ടിപ്പൊളിഞ്ഞ കാളവണ്ടിയെ സ്തുതിക്കുന്നതു കാവ്യ നീതി പോലുമാവില്ല. കലപ്പ ഒരു കാലത്തു വലിയ കണ്ടുപിടുത്തമായിരുന്നു. ഇന്നത്തെ ട്രാക്ടറിന്റെ സ്ഥാനം തന്നെ. പുത്തൻ ഉപകരണങ്ങൾ നിർമ്മിക്കാനുള്ള മനുഷ്യവൈഭവം അവഗണിക്കുന്നതു സാമൂഹികപരിവർത്തന നിയമങ്ങൾ ഗ്രഹിക്കാത്തതുകൊണ്ടാണ്. നല്ല കലാകാരന് അത്തരം നിലപാടുണ്ടാവില്ല. പ്രശസ്ത മെക്സിക്കൻ കലാകാരൻ റിവേര ദീഗോ പറയുന്നതു പോലെ 'കലാകാരന്റെ സൃഷ്ടി ജൈവധർമ്മം പോലെയാണ്. പൂവിടുന്നു, ഫലമണിയുന്നു. വർഷം തോറും കൊഴിഞ്ഞുപോകുന്നതിനെ കുറിച്ചു സങ്കടപ്പെടുന്നില്ല. യഥാകാലം വീണ്ടും പൂക്കും കായ്ക്കും എന്നറിയാം.' എന്താണ് എന്നു മാത്രമായാൽ കലയാകില്ല; എന്തായിരിക്കണം എന്നുകൂടി അതു വ്യക്തമാക്കണം. വെള്ളം ചേർത്ത ശരാശരിയല്ല, കാച്ചിക്കുറുക്കിയ പ്രതീക്ഷ അതിലുണ്ടാകണം. സങ്കടകരമായ പരാജയങ്ങൾ മാത്രം പോരാ. പരിവർത്തനത്തിന്റെ സാധ്യതകളുണ്ടാകണം.

4. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക. *20*

The world does not need extraordinarily talented people. It does not need highly skilled people either. It has plenty of super-intelligent people. We need ordinary people with extraordinary motivation. M.K. Gandhi was an ordinary man with amazing motivation to establish truth and justice. The Wright brothers were ordinary people with a dream of flying.

You can also achieve exceptional results if you are inspired with a higher ideal. Replacing 'inspiration' with 'information' has led to knowledge being viewed as drudgery rather than as pleasure. Education has degenerated to data being transmitted from the teacher to the taught without igniting the minds of the young with a higher purpose.

How many of us wake up inspired, looking forward to a day of service ? Who among us finds exhilaration in contributing to society ? Life changes magically from boredom to excitement when you are inspired to serve. You redefine norms and achieve the impossible, paving the way to outstanding success. You find happiness at work, not in escaping from it. Most importantly, you evolve spiritually and attain Godhood.

Inspiration gives ordinary people the courage and hope to make life better for themselves and for posterity. Find inspiration and life will transform into an exciting adventure of self-discovery.

5. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക : *20*

ഇന്നു സംസാരിക്കുമ്പോൾ ശാസ്ത്രത്തിന്റെ സാമൂഹിക ബാധ്യതകളെക്കുറിച്ചു ഞാൻ പറയുന്ന കാര്യങ്ങൾ ചെറുപ്പക്കാർക്കു എളുപ്പത്തിൽ മനസ്സിലാകും. മുതിർന്ന വർകും അതു ക്ലേശകരമായേക്കാം. പ്രായമേറുമ്പോൾ ക്ഷയിച്ചുവരുന്ന ഒരു സിദ്ധി ചെറുപ്പക്കാർക്കുള്ളതു കൊണ്ടാണ് ഇത്. ഭാവനാശേഷി, ശാസ്ത്രത്തിന്റെ അവിഭാജ്യ ഘടകമാണ് ഭാവന. ചെറുപ്പക്കാർക്കിതു സഹജമാണ്. നിർഭാഗ്യവശാൽ പ്രായമേറുമ്പോൾ ഈ കഴിവു ക്ഷയിച്ചു പോകുന്നു. ഏതായാലും ഇന്നത്തെ കാലത്ത്, സങ്കടങ്ങളുടെ ലോകത്ത്, ധാരാളമായി വേണ്ട സിദ്ധിയാണിത്.

കഴിഞ്ഞ മുന്നു നൂറ്റാണ്ടുകളിൽ ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ സമൂഹത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. പക്ഷേ ജനങ്ങൾ പൊതുവേ ഇതു തിരിച്ചറിഞ്ഞിട്ടില്ല. അല്ലെങ്കിൽ ഗൗനിച്ചിട്ടില്ല. ന്യൂട്ടന്റെ കാലംമുതൽ തന്നെ ശാസ്ത്രാധിഷ്ഠിതമായ സാങ്കേതിക വിദ്യകൊണ്ടുണ്ടാകുന്ന സൗഭാഗ്യങ്ങളും

ലാഭങ്ങളും ജനങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങിയിരുന്നു. വൈദ്യത്തിലെ ശാസ്ത്ര പ്രയോഗം കൊണ്ടു ദീർഘായുസ്സു നേടാമെന്നും മനുഷ്യർ മനസ്സിലാക്കി.

യുദ്ധം ജയിക്കാൻ ശാസ്ത്രം ഉപകരിക്കുമെന്നു ലിയനാർഡോ ഡാവിഞ്ചിയുടെ കാലം മുതൽ ജനം മനസ്സിലാക്കി. കാലം മുന്നോട്ടുനീങ്ങിയപ്പോൾ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഭൗതികത വളർന്നു പുത്തൻ സാങ്കേതിക വിദ്യകളക്കു വേണ്ടി ഉറക്കെ ഉറക്കെ ശബ്ദ മുണ്ടായി. കുടുതൽ വ്യക്തികൾ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ദ്ധരുമായി മാറി.

6. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

(a) തെറ്റുണ്ടെങ്കിൽ തിരുത്തുക : 20

(i) അടിമത്വം

(ii) പീഢാനുഭവം

(iii) വ്യത്യസ്തം

(iv) സൃഷ്ടാവ്

(v) വിഡ്ഢിത്വം

(vi) വാത്മീകി

(vii) അമ്മയ്ക്കുസുഖമില്ലാത്തതുകൊണ്ടാണ് ഞാൻതിരിച്ചുപോകുന്നു

(viii) ഇന്ത്യയുടെ സാമ്പത്തിക വളർച്ചയും അഴിമതി വർധിച്ചുവരുന്നതും പരിഗണിച്ചുവേണം നിയമ നിർമ്മാണം

(ix) ഫാക്ടറിയിൽനിന്നും പുറത്തുവിട്ട രാസ വസ്തുക്കൾ പുഴയെ അഴുക്കുചാലാക്കി

(x) കാട്ടിൽ നിന്നു പറിച്ചെടുത്ത ചെടികളാണിവ

(b) ആശയം വ്യക്തമാക്കി വാക്യത്തിൽ പ്രയോഗിക്കുക : *10*

(i) ഓണംകേറാമൂല

(ii) ചുണ്ടങ്ങകൊടുള്ള വഴുതനങ്ങ വാങ്ങുന്നു

(iii) കണ്ണിൽ മണ്ണിടുന്നു

(iv) തിണ്ണമിടുക്ക്

(v) സുഗ്രീവാജ്ഞ

(c) പത്തു വാക്യത്തിൽ ആശയം വ്യക്തമാക്കുക : *10*

ഒഴുക്കുനീറ്റിൽ അഴുക്കില്ല